**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 21 — 08.02.2016-ന് മറുപടി നൽകേണ്ടത്

## ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മൊത്തം എത്ര ജീവനക്കാരുണ്ട്; അതിൽ അണ്ടർ സെക്രട്ടറിയും അതിനു മുകളിലും ഉള്ള തസ്തികകളിൽ ജോലി ചെയ്യുന്നവർ എത്ര; | (എ) യും (ബി) യും (സി) യും | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിന് കീഴിൽ 3931 സ്ഥിരം ജീവനക്കാരും പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ) വകുപ്പിന് കീഴിലായി 41 ദിവസ വേതന ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. ഇതിൽ അണ്ടർ സെക്രട്ടറിയും അതിനു മുകളിലുമായി 468 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്. പൊതുഭരണ സെക്രട്ടേറിയറ്റിൽ നിന്നും അണ്ടർ സെക്രട്ടറിയും അതിനു മുകളിലുമുള്ള തസ്തികകളിലായി 156 ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു. ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേയ്ക്ക് 156 പേരെ പ്രമോട്ട് ചെയ്ത് നിയോഗിച്ചിട്ടുണ്ട്.<br>നിയമ വകുപ്പിന് കീഴിൽ മൊത്തം 456 ജീവനക്കാർ (ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) ജോലി ചെയ്യുന്നു. അതിൽ സ്പെഷ്യൽ സെക്രട്ടറിമാർ 4 പേരും അഡീഷണൽ നിയമ സെക്രട്ടറിമാർ 24 പേരും ജോയിന്റ് സെക്രട്ടറിമാർ 26 പേരും ഡെപ്യൂട്ടി സെക്രട്ടറിമാർ 38 പേരും അണ്ടർ സെക്രട്ടറിമാർ 26 പേരും ജോലി നോക്കി വരുന്നു. ഇവരിൽ സ്പെഷ്യൽ സെക്രട്ടറിമാർ 2 പേരും അഡീഷണൽ നിയമ സെക്രട്ടറിമാർ 12 പേരും ജോയിന്റ് സെക്രട്ടറിമാർ 8 പേരും ഡെപ്യൂട്ടി സെക്രട്ടറിമാർ 8 പേരും അണ്ടർ സെക്രട്ടറിമാർ 2 പേരും സെക്രട്ടേറിയറ്റിന് പുറത്ത് ഡെപ്യൂട്ടേഷനിൽ ജോലി നോക്കി വരുന്നു. ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേയ്ക്ക് 32 പേരെ പ്രമോട്ട് ചെയ്ത് നിയോഗിച്ചിട്ടുണ്ട്.<br>ധനകാര്യ വകുപ്പിൽ ആകെ 1146 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ അണ്ടർ സെക്രട്ടറിയും അതിനു മുകളിലുള്ള തസ്തികകളിലുമായി 230 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും 107 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 80 പേർ ധനകാര്യ വകുപ്പിലെ ജീവനക്കാർക്കായി നീക്കി വച്ചിട്ടുള്ള തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്. ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേയ്ക്ക് 103 പേരെ പ്രമോട്ട് ചെയ്ത് നിയോഗിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ, എത്രപേർ സെക്രട്ടേറിയറ്റിന് പുറത്ത് ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്; ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവർ എത്ര; | | |
| (സി) | ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേയ്ക്ക് പ്രമോട്ട് ചെയ്ത് നിയോഗിക്കപ്പെട്ടവർ എത്രപേർ; | | |
| (ഡി) | ഡെപ്യൂട്ടേഷനിൽ പോകുന്നവരുടെ ഒഴിവിലേക്ക് പ്രമോഷൻ നല്കുന്നതു സംബന്ധമായി അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച തടസ്സം എന്തായിരുന്നു; ഇക്കാര്യത്തിൽ നിലപാട് വിശദമാക്കാമോ? | (ഡി) | ധനകാര്യ വകുപ്പിലും പൊതുഭരണ വകുപ്പിലും നിയമ വകുപ്പിലും ഡെപ്യൂട്ടേഷനിൽ പോകുന്നവരുടെ ഒഴിവിലേക്ക് പ്രമോഷൻ നല്കുന്ന കാര്യത്തിൽ അക്കൗണ്ടന്റ് ജനറൽ യാതൊരു തടസ്സവും ഉന്നയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ